പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6080 28-10-2011 -ൽ മറുപടിക്ക്.

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>" പി. സി. വിഷ്ണുനാഥ്<br>" ഐ. സി. ബാലകൃഷ്ണൻ<br>" ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ എക്സൈസ് വകുപ്പ് എന്തെല്ലാം പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;<br><br>(ബി) പ്രസ്തുത ദിനത്തിൽ ലഹരി വിരുദ്ധ സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുമോ; | (എ) യും, (ബി) യും.<br><br>അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ 26-ന്, സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ പ്രതിജ്ഞയും ലഹരി വിരുദ്ധ റാലികളും നടത്തുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ, ലഹരി വിരുദ്ധ ക്ലാസ്സുകൾ, സെമിനാറുകൾ, ചർച്ചകൾ എന്നിവയും സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ട്. ഈ ദിനത്തിൽ ഏറ്റവും നല്ല ലഹരി വിരുദ്ധ പ്രവർത്തകനും, സന്നദ്ധ സംഘടനക്കും, ലഹരി വിരുദ്ധ ക്ലബ്ബിനും അവാർഡുകൾ നൽകും. |
| (സി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾക്കും വ്യക്തികൾക്കും ലഹരി വിരുദ്ധ ക്ലബ്ബുകൾക്കും അവാർഡുകൾ ഏർപ്പെടുത്തുമോ? | (സി) ലഹരി വിരുദ്ധ ക്ലബ്ബുകൾക്കുവേണ്ടി മികച്ച ലോഗോയും, മുദ്രാവാക്യവും സമർപ്പിക്കുന്ന സംഘടനകൾക്ക് / വ്യക്തികൾക്ക് പാരിതോഷികം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |

[signature]

സെക്ഷൻ ആഫീസർ